## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *232** **05.05.2017-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗക്കാരുടെ പാർപ്പിട പ്രശ്നങ്ങൾ**

**ചോദ്യം**
ശ്രീ.അടൂർ പ്രകാശ്
ശ്രീ.എ.പി. അനിൽ കുമാർ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പുമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | എ) | സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും, വീട് അനുവദിക്കുന്നതിനായി സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ ഹൗസിംഗ് പദ്ധതി, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി, എ.ടി.എസ്.പി ഭവന നിർമ്മാണ പദ്ധതി എന്നിവ പ്രകാരം സംസ്ഥാനത്തെ അർഹരായ ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മുൻഗണനാ ക്രമത്തിൽ വീട് അനുവദിച്ചു വരുന്നു. കൂടാതെ ഗ്രാമവികസന വകുപ്പ് മുഖാന്തിരം പി.എം.എ.വൈ ഭവന പദ്ധതി പ്രകാരവും വീടുകൾ അനുവദിച്ച് വരുന്നു.<br><br>കൂടാതെ പട്ടികവർഗ്ഗക്കാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പും, വിവിധ സർക്കാർ ഏജൻസികളും മുമ്പ് അനുവദിച്ച് നൽകിയതും, നിലവിൽ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ പണി പൂർത്തിയാക്കുന്നതിനും, അറ്റകുറ്റപ്പണികൾക്കുമായി വകുപ്പ് വീടൊന്നിന് പരമാവധി ഒരു ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | വരെ അനുവദിച്ചു വരുന്നു. നടപ്പ് സാമ്പത്തിക വർഷം മുതൽ ഭവന പുനരുദ്ധാരണത്തിന് 1.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ബി) | ഈ സർക്കാരിന്റെ കാലത്ത് പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ; | ബി) | ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് മുൻ വർഷങ്ങളിലേത് പോലെ ജനറൽ ഹൗസിംഗ്, എ.ടി.എസ്.പി ഭവന പദ്ധതി, ഹഡ്കോ ഭവന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചു വരുന്നു. ഈ സർക്കാർ അധികാരമേറ്റ ശേഷം ജനറൽ ഹൗസിംഗ് പദ്ധതിയിൽ 1875 വീടുകളും, വൻബന്ധു കല്ല്യാൺ യോജന പദ്ധതി പ്രകാരം 1854 വീടുകളും, ഹഡ്കോ ഭവന പദ്ധതി പ്രകാരം 2980 വീടുകളും ഉൾപ്പെടെ ആകെ 6709 വീടുകൾ പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ 2017-18 സാമ്പത്തികവർഷം മുതൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവന രഹിതരായിട്ടുള്ള എല്ലാവർക്കും 5 വർഷത്തിനുള്ളിൽ വീട് നൽകുന്നതിനുള്ള പദ്ധതിയും, വിഭാവനം ചെയ്തിട്ടുണ്ട്. വയനാട്, പാലക്കാട് ജില്ലകളിലെ അർഹരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് നൽകി ടി ജില്ലകളെ ഭവനരഹിതരില്ലാത്ത ജില്ലകളാക്കി മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഇവരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് പ്രയോജനപ്പെടുത്തിയതെന്ന് വിവരിക്കുമോ? | സി) | ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ജനറൽ ഹൗസിംഗ്, എ.ടി.എസ്.പി ഭവനപദ്ധതി, ഹഡ്കോ ഭവന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നു. ഇതു കൂടാതെ 2016-17 സാമ്പത്തികവർഷം വനബന്ധു കല്യാൺയോജന പദ്ധതിയിൽ ഉൾപ്പെടുത്തി 1854 വീടുകളും, ഗ്രാമവികസന വകുപ്പ് മുഖാന്തിരം |

| | | | |
|---|---|---|---|
| | | | ഐ.എ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 4395 വീടുകളും അർഹരായ പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തികവർഷം മുതൽ ലൈഫ് മിഷൻ പദ്ധതി, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി എന്നീ നവീന പദ്ധതികളിൽ ഉൾപ്പെടുത്തിയും അർഹരായ പട്ടികവർഗ്ഗക്കാർക്ക് പുതിയ വീടുകൾ അനുവദിക്കുന്നതാണ്.<br>മുൻ വർഷങ്ങളിൽ അനുവദിച്ചതും, നിലവിൽ വാസയോഗ്യമല്ലാത്തതുമായ വീടുകൾ വാസയോഗ്യമാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന പുനരുദ്ധാരണ പദ്ധതി, ഗ്രാമവികസന വകുപ്പിന്റെ പി.എം.എ.വൈ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ